(ഡി) ഉണ്ട്.

(ഇ) ഉണ്ട്

(എഫ്) അനുബന്ധം നോക്കുക. (Appendix IV).

(ജി) സ്ഥിരമായിട്ടുള്ളവർ മ. ര ൭—ടെമ്പററി ൫൨.

റാവുബഹദൂർ ടി. കെ. നായർ : ഈ ചോദ്യത്തിൽ പറഞ്ഞിരിക്കുന്നതു് ഫോസ്റ്റിറൽ അസിസ്റ്റാണ്ടു് എന്നാണു്. അങ്ങിനെ ഒരു പോസ്റ്റ്തന്നെയില്ല. അതുകൊണ്ടു് അതു് ഫോസ്റ്റിറൽ അററണ്ടർ എന്നാക്കിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഈ അററൻറൻസിനു് കപ്പാർട്ടേഴ്സുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ : ഇല്ലെന്നാണു് അറിയുന്നതു്. സൂക്ഷ്മവിവരം ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഇവർ കാലത്തു് ൬ മണിമുതൽ ൧൨ മണിവരെയും, ഉച്ചതിരിഞ്ഞു മ മണിമുതൽ സന്ധ്യവരെയും ജോലിചെയ്യുന്നതിനിടയ്ക്കു് അകലെയുള്ളവരുടെവീട്ടിൽപോയി ഊണുകഴിച്ചുവരുവാൻ സൌകര്യമുണ്ടാകുമോ?

റാവുബഹദൂർ ടി. കെ. നായർ : എന്തെങ്കിലും സൌകര്യം ചെയ്തിട്ടുണ്ടാകാം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : അങ്ങിനെ സൌകര്യമില്ലാത്തവർക്കു് ആസ്പത്രിയുടെ അടുത്തു താമസിക്കുവാൻ എന്തെങ്കിലും സൌകര്യം ചെയ്തുകൊടുക്കാമോ?

റാവുബഹദൂർ ടി. കെ. നായർ : ആസ്പത്രിയിൽ ജോലിചെയ്യുന്നവർക്കു് എല്ലാവർക്കും താമസിക്കുവാൻ സൌകര്യം ഉണ്ടാക്കുന്ന കാര്യം കാര്യമാണെന്നു വിചാരിക്കുന്നില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഇവർ രോഗികളുടെ അടുത്തു എപ്പോഴും നില്ക്കേണ്ടവരാണു്. ഇവരുടെ പ്രധാനപ്പെട്ടജോലി തന്നെ രോഗികളുടെ മലമൂത്രവിസർജ്ജനം കൊണ്ടുകളയലും, അവരെ ശുശ്രൂഷിക്കലുംമറ്റുമാണു്. ഇവർ രാത്രിസമയങ്ങളിലും പകൽ സമയങ്ങളിലും രോഗികളുടെ അടുത്തു് എപ്പോഴും ഉണ്ടായിരിക്കേണ്ടവരാണു് എന്നു അനുബന്ധത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു് ൬ ര മണിക്കൂറും അവർക്കു ജോലിയുണ്ടെന്നല്ലെ വരുന്നതു്; ആ സ്ഥിതിക്കു് അവർക്കു കേപാർട്ടേഴ്സു് കൊടുക്കേണ്ടതല്ലെ?

റാവുബഹദൂർ ടി. കെ. നായർ : അതിനു് ഒരാൾ തന്നെ നില്ക്കുണ്ടിവരികയില്ല. അവർക്കു് ഊഴമിട്ടു് ജോലിചെയ്യുവാനുള്ള സൌകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടു്. ഒരാളുടെ സാന്നിദ്ധ്യമില്ലെങ്കിൽ തന്നെ അതിനു് പകരമായി മറെറാരാൾ ഉണ്ടായിരിക്കും.

THEFT OF GOVERNMENT LOGS

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ മുലാം, വൃശ്ചികം, ധനു എന്നീ മാസങ്ങളിൽ വരന്തരപ്പിള്ളിയിൽ നിന്നോ അതിനടുത്ത പ്രദേശങ്ങളിൽനിന്നോ സർക്കാർ വക തടികൾ കളവുപോവുകയുണ്ടായൊ;

(ബി) എത്ര കണ്ടി തടി കളവുപോയി;

(സി) അതെപ്പററി എന്തന്വേഷണം നടത്തി;

(ഡി) മോഷ്ടാവു് ആരെന്നറിഞ്ഞുവൊ, ടിയാൻെറ പേരിൽ എന്തു നടപടി നടത്തി?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഉണ്ടായി.

(ബി) ൨൨ തേക്കുതടിയും ൫ വെന്തേക്കു തടിയും കൂടി ൨൭൯.൫ C. ft. or ൨൫.൯ കണ്ടി.

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്വേഷണം പൂർത്തിയായിട്ടില്ല.

(ഡി) അന്വേഷണം പൂർത്തിയാകാത്തതിനാൽ മോഷ്ടാവിനെ തീരുമാനിക്കാറായിട്ടില്ല.

PANDIKUDI—CHELLANAM ROAD—CONSTRUCTION OF

383. ചൗധരി ജി. എസ്സ്. ധാരാസിംഗ്: ബഹുമാനപ്പെട്ട ഗവൺമെണ്ട് താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുമോ.—

(എ) പാണ്ടിക്കുടി—ചെല്ലാനം റോഡിന്റെ പണി എത്രത്തോളമായി;

(ബി) കഴിഞ്ഞകൊല്ലം ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ എത്ര സംഖ്യ കൊള്ളിച്ചു;

(സി) അതിൽ എത്ര സംഖ്യ എതെല്ലാം ഇനങ്ങളിൽ ചിലവായിട്ടുണ്ട്;

(ഡി) ഈ റോഡ് പണി ഇക്കൊല്ലം എത്ര തീർക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്?

റാവുസാഹിബ് കെ. അയ്യപ്പൻ :

(എ) പാണ്ടിക്കുടി—ചെല്ലാനം റോഡ് പണിക്ക് വേണ്ടതായ സ്ഥലം അക്വയർ ചെയ്യുന്നതിനു നടപടികൾ എടുത്തുവരുന്നുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കികഴിഞ്ഞു. സ്ഥലം കൈവശം കിട്ടിക്കഴിഞ്ഞാൽ ഉടനെ റോഡുപണി ആരംഭിക്കുന്നതാണ്.

(ബി) ഈ പണിക്കുവേണ്ടിവരുന്ന സംഖ്യ റോഡു ബോർഡ്ഫണ്ടിൽനിന്നാണ് എടുക്കുന്നതു്.

(സി) ഒരു സംഖ്യയും ചിലവായിട്ടില്ല.

(ഡി) ഒന്നാം ഖണ്ഡത്തിനുള്ള സമാധാനംകൊണ്ട് ഉത്തരം ആവശ്യമില്ല.

FLAGS—HOISTING OF

384. മിസ്റ്റർ കെ. എ. രാഘവൻ : താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഗവർമ്മെണ്ട് വക സ്ഥാപനങ്ങളിലും വസ്തുക്കളിലും ഗവൺമെണ്ട് അംഗീകരിച്ചിട്ടുള്ള കൊടികളേ നാട്ടാവു എന്നു യു. പി. യിലേയും ബിഹാറിലേയും ഗവൺമെണ്ടുകൾ തീരുമാനിച്ചു വരുന്നത ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം വല്ല അംഗീകൃത നടപടിയും കൊച്ചിഗവർമ്മെണ്ട് കൈക്കൊണ്ടിട്ടുണ്ടോ;

(സി) കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ?

റാവുസാഹിബ് എ. മാധവപ്പട്ട :

(എ) ഈ വിഷയത്തെപ്പറ്റി ഗവൺമെണ്ടിനു് യാതൊരു വിവരവുമില്ല.

(ബി) ഗവൺമെണ്ടിൽനിന്നും അങ്ങിനെ ഒരു തീരുമാനം ചെയ്യേണ്ടതായ അവസരം ഉണ്ടായിട്ടില്ല.

(സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

SUB-JAIL GUARD OFFICERS

385. **Mr. Paramel Ipe Ipe** *(Kunnamkulam)*: Will Government be pleased to state.—

(*a*) in how many Police Stations are there Sub-jail Guard Officers;

(*b*) are there Police Stations where the Guard Officers are made to attend the duties of the station clerks;

(*c*) if so, which are those stations;

(*d*) if a person is to do his duties as Guard Officer as per the Guard Rules in the Police Manual will there be time for him to attend to any other work?

Mr. K. S. Raghavan *(Secretary to Government)*:

(*a*) 7.

(*b*) Yes.

(*c*) In Vadakkancheri, Crangannur and Chittur stations, the Station Writers are also the Guard Officers.

LIBRARY ARCHIVES Kerala Legislative Assembly